WRITTEN ANSWERS.

ഡാക്ടറന്മാരുടെ കുറവ്.

* 632. [33] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ ഗവണ്മെൻറ് ആശുപത്രികളിൽ ഡാക്ടർമാരുടെ എണ്ണം കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതു് ഏതടിസ്ഥാനത്തിലാണു് ;

(ബി) 1955 മാർച്ചു് മുതൽ രണ്ടുമാസത്തേക്ക് ആലുവാ ആശുപത്രിയിൽ ഡാക്ടർമാരുടെ കുറവുമൂലം രോഗികൾ വളരെ ബുദ്ധിമുട്ടിയിട്ടുണ്ടോ ;

(സി) സ്ഥലംമാറ്റപ്പെട്ട ഡാക്ടർമാർക്കു പകരം ആളെ നിയമിക്കാൻ ഡിപ്പാർട്ടുമെൻറിനു് എത്ര കാലതാമസം വേണ്ടിവരും ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഡിപ്പാർട്ടുമെൻറിൽ ആകെയുള്ള ഡാക്ടർമാരുടെ എണ്ണവും പകരം ആശുപത്രിയിലെ രോഗികളുടെ എണ്ണവും അടിസ്ഥാനമാക്കിയാണു്.

(ബി) ഇല്ല.

(സി) സ്ഥലംമാറ്റപ്പെടുന്ന ഡാക്ടർമാർക്ക് പുതിയ സ്ഥാനങ്ങളിൽ ചെന്നു് ചാർജ്ജെടുക്കുന്നതിനു മുൻപു് Joining time എടുക്കുവാൻ അവകാശമുണ്ടു്. ഇക്കാരണം ഒഴികെ സാധാരണയായി വേറെ കാലതാമസം ഉണ്ടാകാറില്ല

വനത്തിൽനിന്നും പതിച്ചുകൊടുത്ത ഭൂമികൾ.

* 633. [34] ശ്രീ. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953, 1954, 1955 വർഷത്തിൽ മുക്ഷ്യാൽപ്പാദനത്തിൻറെ പേരിൽ തിരുവിതാംകൂർ–കൊച്ചിയിലെ വനത്തിൽനിന്നും എത്ര ഏക്കർ ഭൂമി പതിച്ചും കുത്തകപ്പാട്ടമായിട്ടും കൊടുത്തിട്ടുണ്ടു് ; ആർക്കെല്ലാം ;

(ബി) മേൽപ്രകാരം വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയിലെ വൃക്ഷങ്ങളും വെട്ടിയെടുക്കുന്നതിനു് കൈവശക്കാർക്ക് അവകാശമുണ്ടോ ?

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ആർക്കും ഭൂമി പതിച്ചുകൊടുത്തിട്ടില്ല. 1626 ഏക്കർ ഭൂമി വ്യക്തികൾക്കും സംഘടനകൾക്കുമായി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുണ്ടു്. ആർക്കെല്ലാമാണു് അങ്ങിനെ കൊടുത്തിട്ടുള്ളതെന്നു പറവാൻ ക്ഷിപ്രസാദ്ധ്യമല്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly